# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കോഴിക്കോട്  ജില്ല

**(പ്രാബല്യം: 01.03.2022 മുതൽ 05.03.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 01.03.2022 മുതൽ 05.03.2022 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 17/2022 | തീയ്യതി: 28/02/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 34.8 – 35.5 | 25.1 – 25.6 | 60.0 – 81.2 | 00 – 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 01-03-2022 | 02-03-2022 | 03-03-2022 | 04-03-2022 | 05-03-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 82 | 82 | 82 | 82 | 82 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 6 | 6 | 4 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 2 | 2 | 2 | 2 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല** | | |
| | ഉയർന്ന ഊഷ്മാവും അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം തെളിഞ്ഞതോ ഭാഗീകമായി മേഘാവൃതമോ ആയിരിക്കും.<br><br>വിളകളെ വരൾച്ച ബാധിക്കാൻ സാധ്യത. ജാഗ്രത പുലർത്തുക | | |

| | | | |
|---|---|---|---|
| **<u>പൊതു നിർദ്ദേശങ്ങൾ</u>** | വരൾച്ചയെ പ്രതിരോധിക്കാൻ:-<br>1) വിളകളുടെ തടത്തിൽ പുതയിടുക.<br>2) സാധ്യമായിടങ്ങളിലൊക്കെ കണിക ജലസേചന രീതി അവലംബിക്കുക.<br>3) പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക.<br>4) നനയില്ലാത്ത വിളകൾക്ക് രാസവളങ്ങളോ കോഴി വളമോ പ്രയോഗിക്കരുത്<br>5) വിളകളുടെ തടിയിൽ കുമ്മായം പൂശുക<br>6) സൾഫേറ്റ് ഓഫ് പൊട്ടാഷ് അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പതിനഞ്ചു ദിവസ ഇടവേളകളിൽ ഇലകളിൽ തളിക്കുക<br>7) വിളകളുടെ തടത്തിൽ വെള്ളം ആഗിരണം ചെയ്തു നിലനിർത്താൻ ശേഷിയുള്ള മണ്ണിര കമ്പോസ്റ്റ്/ചകിരിച്ചോറ് കമ്പോസ്റ്റ് വിതറുക.<br><br>ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക. കീട-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും. മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും.<br><br>പ്രായം കുറഞ്ഞ വൃക്ഷ വിളകൾ, തൈകൾ എന്നിവയെ നേരിട്ടുള്ള സൂര്യ പ്രകാശത്തിൽ നിന്നും മടഞ്ഞ ഓലകളാൽ ആവരണം ചെയ്തു സംരക്ഷിക്കുക. | | |
| നെല്ല് | വൈകി നട്ട രണ്ടാംവിള/ മൂന്നാം വിള: ചെനപ്പു പൊട്ടുന്ന സമയം | കുലവാട്ട രോഗം<br> | ഐസോപ്രോതയോലേൻ കുമിൾ നാശിനി(1 മില്ലി ഒരുലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| നെല്ല് | മൂന്നാം വിള: ചെനപ്പു പൊട്ടുന്ന സമയം | ജലവിനിയോഗം<br> | മണ്ണിൽ തലനാരിഴ കനത്തിൽ ചെറു വിള്ളലുകൾ വരുന്ന വേളകളിൽ പാടങ്ങളിൽ വെള്ളം കയറ്റുക. മണ്ണ് വരണ്ടുണങ്ങാതിരിക്കാൻ ശ്രദ്ധിക്കുക |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ഇല തീനി പുഴുക്കൾ  | കീട ബാധിതമായ ഓലകൾ വെട്ടി അപ്പാടെ തീയിലിട്ടു നശിപ്പിക്കുക.<br>ജൈവ നിയന്ത്രണ മാർഗ്ഗമായി 'ബ്രോക്കൺ' ( ഒരു തെങ്ങിന് 30 എണ്ണം) അല്ലെങ്കിൽ "ഗോണിയോസസ്' ( ഒരു തെങ്ങിന് 2 0 എണ്ണം) എന്നീ മിത്ര കീടങ്ങളെ ഉപയോഗിക്കാം.<br>അല്ലെങ്കിൽ<br>മുൻകരുതലായി കാർഷിക സർവ്വകലാശാലയുടെ 'രക്ഷ' സോപ്പ് വെള്ളത്തിൽ കലർത്തി (ഒരു ലിറ്റർ വെള്ളത്തിത്തിൽ 10 മുതൽ 20 ഗ്രാം വരെ) തളിക്കുക. |
| തെങ്ങ് | പ്രായം കുറഞ്ഞവ | ചെമ്പൻ ചെല്ലി  | തുരന്ന ദ്വാരങ്ങൾ ക്ളോർപൈറിഫോസ് കീടനാശിനി (2 മില്ലി ഒരുലിറ്റർ വെള്ളത്തിൽ) നിറച്ചു സിമന്റ് കൊണ്ട് അടക്കുക<br>മുകളിലത്തേ മൂന്ന് ഓലക്കവിളുകളിൽ നാഫ്തലീൻ ഗുളികകൾ (ഒരു കവിളിൽ 4 എണ്ണം വീതം) ഇട്ടു കൊടുക്കുക. നാല്പത്തഞ്ച് ദിവസം കൂടുമ്പോൾ ഇത് ആവർത്തിക്കുക |
| വാഴ | നടുന്ന സമയം | വാഴക്കന്നിൽ കൂടി പടരുന്ന (കൊക്കാൻ, മുരടിപ്പ്, പനാമ വാട്ടം മുതലായ) രോഗങ്ങൾ | രോഗം വരുന്നത് തടയാൻ കൃഷിയിടങ്ങൾ നേരിൽ കണ്ടു രോഗ ബാധയൊന്നും ഇല്ല എന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം വാഴക്കന്നുകൾ ശേഖരിക്കുക |
| പയർ | വിവിധ ഘട്ടം | മുഞ്ഞ  | വെളുത്തുള്ളി വേപ്പെണ്ണ മിശ്രിതം 3% വീര്യത്തിൽ അല്ലെങ്കിൽ ഡൈമെത്തോയേറ്റ് 2മില്ലി/ലി തളിക്കുക. |
| പച്ചക്കറികൾ | വിവിധ ഘട്ടങ്ങൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ   | നിയന്ത്രിക്കുന്നതിനായി വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി, പുഷ്പ്പിക്കുന്നതിന് ഒരാഴ്ച മുമ്പു വരെ 7 ദിവസത്തെ ഇടവേളകളിൽ ഇലയുടെ ഇരുവശത്തും തളിക്കുക. ആക്രമണം രൂക്ഷമാവുകയാണെങ്കിൽ അക്താര എന്ന കീടനാശിനി 10 ലിറ്റർ വെള്ളത്തിൽ 3 ഗ്രാം എന്നതോതിൽ നേർപ്പിച്ച് തളിക്കുക. |

| | | | |
|---|---|---|---|
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ  | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക.<br>അല്ലെങ്കിൽ<br>ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക.<br>വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക.<br>അല്ലെങ്കിൽ<br>ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| കശുമാവ് | പുതുതായി നട്ട തൈകൾ | തേയില കൊതുകും അനുബന്ധ പൂപ്പൽ രോഗങ്ങളും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>തളിരിന്റെ അഗ്രഭാഗങ്ങൾ ചീഞ്ഞു കാണുന്നുവെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം മാലത്തിയോൺ രണ്ടു മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി